**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1045** **24-02-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളിൽ നിന്നും ഈടാക്കുന്ന അധിക കെട്ടിട നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം നടപ്പിലാക്കിയ പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നും മൂന്നിരട്ടി കെട്ടിടനികുതി ഈടാക്കുന്നതായുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കടലോര കായലോര മേഖലകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ദരിദ്രരായ ജനവിഭാഗങ്ങളുടെ താമസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക്, C.R.Z പരിധിയിൽ വരുന്നതിനാൽ, അൺ ഓതറൈസ്ഡ് കെട്ടിട നമ്പർ ആണ് പഞ്ചായത്തുകളിൽ നിന്നും അനുവദിക്കുന്നത്. ഇത്തരത്തിൽ അൺ ഓതറൈസ്ഡ് നമ്പർ നൽകുന്ന കെട്ടിടങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എ എ പ്രകാരം നിയമാനുസൃതമായി നിർമ്മിച്ചിരുന്ന തായിരുന്നുവെങ്കിൽ ഈടാക്കേണ്ടി വരുമായിരുന്ന കെട്ടിട നികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേർന്നുള്ള തുക ചട്ട പ്രകാരം കെട്ടിട നികുതിയായി ഈടാക്കേണ്ടതുണ്ട്. തീരദേശമേഖലയിലും മറ്റ് പുറമ്പോക്കുകളിലും വാസഗൃഹമായി നിർമ്മിക്കുന്ന കെട്ടിടങ്ങളെ അനധികൃത കെട്ടിടങ്ങളായി മാത്രമേ പരിഗണിക്കാനാ വുകയുള്ളൂ. ആയതിനാൽ ഇത്തരം കെട്ടിടങ്ങൾക്ക് നികുതി ഇളവിന് നിലവിൽ അർഹതയില്ല. ഇക്കാര്യം പഞ്ചായത്ത് വകുപ്പുമായി കൂടി ആലോചിച്ച് തീരുമാനിക്കുന്നതാണ്. |
| (ബി) | ഇത്തരത്തിൽ അമിതമായ നികുതി അടിച്ചേൽപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികൾ നൽകിയ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കടലോര കായലോര മേഖലകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ദരിദ്രരായ ജനവിഭാഗങ്ങളുടെ താമസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക്, C.R.Z പരിധിയിൽ വരുന്നതിനാൽ, അൺ ഓതറൈസ്ഡ് കെട്ടിട നമ്പർ ആണ് പഞ്ചായത്തുകളിൽ നിന്നും അനുവദിക്കുന്നത്. ഇത്തരത്തിൽ അൺ ഓതറൈസ്ഡ് നമ്പർ നൽകുന്ന കെട്ടിടങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എ എ പ്രകാരം നിയമാനുസൃതമായി നിർമ്മിച്ചിരുന്ന തായിരുന്നുവെങ്കിൽ ഈടാക്കേണ്ടി വരുമായിരുന്ന കെട്ടിട നികുതിയും അതിന്റെ രണ്ടിരട്ടി തുകയും |

| | | | |
|---|---|---|---|
| | | | ചേർന്നുള്ള തുക ചട്ട പ്രകാരം കെട്ടിട നികുതിയായി ഈടാക്കേണ്ടതുണ്ട്. തീരദേശമേഖലയിലും മറ്റ് പുറമ്പോക്കുകളിലും വാസഗൃഹമായി നിർമ്മിക്കുന്ന കെട്ടിടങ്ങളെ അനധികൃത കെട്ടിടങ്ങളായി മാത്രമേ പരിഗണിക്കാനാ വുകയുള്ളൂ. ആയതിനാൽ ഇത്തരം കെട്ടിടങ്ങൾക്ക് നികുതി ഇളവിന് നിലവിൽ അർഹതയില്ല. ഇക്കാര്യം പഞ്ചായത്ത് വകുപ്പുമായി കൂടി ആലോചിച്ച് തീരുമാനിക്കുന്നതാണ്. |
| (സി) | മത്സ്യത്തൊഴിലാളികളുടെ നിലവിലെ സാമ്പത്തിക സ്ഥിതി പരിശോധിച്ച് നിലവിൽ ഈടാക്കുന്ന മൂന്നിരട്ടി കെട്ടിട നികുതി ഒഴിവാക്കി നൽകുന്നതിന് പഞ്ചായത്ത് വകുപ്പുമായി കൂടിയാലോചിച്ച് പ്രത്യേക ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | കടലോര കായലോര മേഖലകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ദരിദ്രരായ ജനവിഭാഗങ്ങളുടെ താമസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക്, C.R.Z പരിധിയിൽ വരുന്നതിനാൽ, അൺ ഓതറൈസ്ഡ് കെട്ടിട നമ്പർ ആണ് പഞ്ചായത്തുകളിൽ നിന്നും അനുവദിക്കുന്നത്. ഇത്തരത്തിൽ അൺ ഓതറൈസ്ഡ് നമ്പർ നൽകുന്ന കെട്ടിടങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എ എ പ്രകാരം നിയമാനുസൃതമായി നിർമ്മിച്ചിരുന്ന തായിരുന്നുവെങ്കിൽ ഈടാക്കേണ്ടി വരുമായിരുന്ന കെട്ടിട നികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേർന്നുള്ള തുക ചട്ട പ്രകാരം കെട്ടിട നികുതിയായി ഈടാക്കേണ്ടതുണ്ട്. തീരദേശമേഖലയിലും മറ്റ് പുറമ്പോക്കുകളിലും വാസഗൃഹമായി നിർമ്മിക്കുന്ന കെട്ടിടങ്ങളെ അനധികൃത കെട്ടിടങ്ങളായി മാത്രമേ പരിഗണിക്കാനാ വുകയുള്ളൂ. ആയതിനാൽ ഇത്തരം കെട്ടിടങ്ങൾക്ക് നികുതി ഇളവിന് നിലവിൽ അർഹതയില്ല. ഇക്കാര്യം പഞ്ചായത്ത് വകുപ്പുമായി കൂടി ആലോചിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ